REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-08-2025 സമയം 6.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യ-ജപ്പാൻ സമഗ്ര സഹകരണം ശക്തമാക്കുന്നതിന് പത്തുവർഷം നീളുന്ന വികസനപദ്ധതിയുടെ രൂപരേഖയ്ക്ക് ധാരണയായി. ഷാങ്ഹായ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ചൈനയിലേക്ക്.**
- **അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഇന്നും നാളെയും സംസ്ഥാനത്ത് 'ജലമാണ് ജീവൻ' ക്യാമ്പയിൻ സംഘടിപ്പിക്കും.**
- **ആനക്കാംപൊയിൽ-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം വഴി KSRTC ബസുകൾ ഉൾപ്പെടെ വാഹനങ്ങൾ നിയന്ത്രണ വിധേയമായി കടത്തിവിടാൻ തീരുമാനം.**
- **ഓളപ്പരപ്പിലെ ജലരാജാവിനെ നിശ്ചയിക്കുന്ന ആലപ്പുഴ നെഹ്റു ട്രോഫി ജലോത്സവം ഇന്ന്.**

## വാർത്തകൾ വിശദമായി

ഇന്ത്യ-ജപ്പാൻ സമഗ്ര സഹകരണം ശക്തമാക്കുന്നതിന് പത്തുവർഷം നീളുന്ന വികസനപദ്ധതിയുടെ രൂപരേഖയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദിയും ജപ്പാൻ പ്രധാനമന്ത്രി ഷിഗേരു ഇഷിബയും തയ്യാറാക്കി. ടോക്യോയിൽ ഇന്ത്യ-ജപ്പാൻ ഉച്ചകോടി ചർച്ചകൾക്ക് ശേഷമാണ് തന്ത്രപരമായ സാമ്പത്തിക - സാങ്കേതിക സഹകരണത്തിന് ഇരു പ്രധാനമന്ത്രിമാരും ധാരണയിലെത്തിയത്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.......

നിക്ഷേപം, കണ്ടുപിടുത്തം, പരിസ്ഥിതി സാങ്കേതിക വിദ്യ, ആരോഗ്യം, ഗതാഗതം എന്നിവയടക്കം മേഖലകളിൽ ഇരു രാജ്യങ്ങളും പങ്കാളിത്ത സംരംഭങ്ങളിൽ ഏർപ്പെടും. പത്ത് ട്രില്യൻ യെൻ അടുത്ത പത്തുവർഷങ്ങളിൽ ജപ്പാൻ ഇന്ത്യയിൽ നിക്ഷേപിക്കും. നിർമ്മിത ബുദ്ധി, സെമികണ്ടക്ടർ, പരിസ്ഥിതി, ആരോഗ്യ പരിരക്ഷാ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകിയായിരിക്കും ചെറുകിട - ഇടത്തരം സംരംഭങ്ങളും, സ്റ്റാർട്ട് അപ്പുകളും ഇതിന്റെ ഭാഗമായി ആരംഭിക്കുന്നത്.

ഇന്ത്യക്കും ജപ്പാനുമിടയിൽ മനുഷ്യ വിഭവശേഷി കൈമാറുന്നതിനും ഉച്ചകോടിയിൽ ധാരണയായി. ISROയും ജപ്പാൻ ബഹിരാകാശ ഏജൻസിയായ ജാക്സ യും ചന്ദ്രയാൻ - 5 ദൗത്യത്തിൽ ഒന്നിച്ച് പ്രവർത്തിക്കാനും കരാറായി.

സുരക്ഷാ സഹകരണത്തിൽ സംയുക്ത പ്രസ്താവന നടത്താനും നരേന്ദ്രമോദിയും ഇഷിബയും തീരുമാനിച്ചതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി അറിയിച്ചു. ജപ്പാൻ സന്ദർശനത്തിന് ശേഷം ടിയാൻജിനിലെ ഷാൻഹായ് കോർപ്പറേഷൻ സംഘടനയുടെ ഉച്ചകോടിയിൽ പങ്കെടുക്കാൻ നരേന്ദ്രമോദി ഇന്ന് ചൈനയിലേക്ക് പുറപ്പെടും.

✪✪✪

പ്രധാൻമന്ത്രി മത്സ്യ സമ്പദ് യോജനയിൽ തൃശൂർ എടക്കഴിയൂരിൽ സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമത്തിന്റെ നിർമ്മാണം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്തു. രാജ്യം വികസിതമാകണമെങ്കിൽ ഓരോ കുടുംബവും വികസിക്കണമെന്നും വ്യക്തിഗത വരുമാനം വർദ്ധിപ്പിക്കാൻ ഓരോരുത്തരും കഠിനമായി അദ്ധ്വാനിക്കുണമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്ത് ഒമ്പത് തീരദേശ മത്സ്യ ബന്ധന ഗ്രാമങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഇന്നും നാളെയും സംസ്ഥാനത്ത് 'ജലമാണ് ജീവൻ' ക്യാമ്പയിൻ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യും. ജലസംഭരണ ടാങ്കുകൾ കഴുകി വൃത്തിയാക്കുകയും ചെയ്യും. ആരോഗ്യ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ജനകീയ ക്യാമ്പയിൻ നടത്തുന്നത്.

✪✪✪

ആനക്കാംപൊയിൽ-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കോഴിക്കോട് - വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന 8.73 കിലോമീറ്റർ നാല് വരി തുരങ്കപാതയാണ് നിർമ്മിക്കുന്നത്. തുരങ്കപാതയെ കോഴിക്കോട് ജില്ലയിലെ മറിപ്പുഴ-മുത്തപ്പൻ പുഴ-ആനക്കാംപൊയിൽ റോഡുമായി ബന്ധിപ്പിക്കും. പൊതുമരാമത്ത് വകുപ്പിനാണ് പദ്ധതിയുടെ മേൽനോട്ട ചുമതല. കിഫ്ബി ഫണ്ടിൽ നിന്ന് 2,134 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പദ്ധതിക്ക് കേന്ദ്രപരിസ്ഥിതി മന്ത്രാലയം ജൂൺ 18ന് അന്തിമാനുമതി നൽകിയിരുന്നു.

✪✪✪

നശാ മുക്ത് ന്യായ അഭിയാൻ ലഹരി വിരുദ്ധ ക്യാമ്പയിനിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും.

ഉച്ചക്ക് വഴുതക്കാട് ടാഗോർ തീയറ്ററിൽ സുപ്രീകോടതി ജഡ്ജിയും ദേശീയ ലീഗൽ സർവീസ് അതോറിറ്റി എക്സിക്യൂട്ടീവ് ചെയർമാനുമായ ജസ്റ്റിസ് സൂര്യകാന്ത് ഉദ്ഘാടനം ചെയ്യും. ഹൈക്കോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് നിതിൻ ജംദാർ വിശിഷ്ടാതിഥിയായി പങ്കെടുക്കും. മന്ത്രി MB രാജേഷ് മുഖ്യപ്രഭാഷണം നടത്തും.

വിമുക്തിയുടെ നേതൃത്വത്തിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. സുപ്രീംകോടതിയിലെയും കേരള ഹൈക്കോടതിയിലെയും ജഡ്ജിമാരും, ചീഫ് സെക്രട്ടറി അടക്കം മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും.

✪✪✪

കോഴിക്കോട് NITയുടെ 21-ാം ബിരുദദാന ചടങ്ങ് വൈകിട്ട് ക്യാമ്പസിൽ നടത്തും. കാമ്പസ് രബീന്ദ്രനാഥ ടാഗോർ ഓഡിറ്റോറിയത്തിൽ 1,910 വിദ്യാർത്ഥികൾ ബിരുദം ഏറ്റുവാങ്ങും. കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ഡോ. സുകാന്ത മജുംദാർ മുഖ്യാതിഥിയായി പങ്കെടുത്ത് ബിരുദദാന പ്രഭാഷണം നടത്തും. L&T ഡയറക്ടർ T മാധവ ദാസ് വിശിഷ്ടാതിഥിയായിരിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത് ' നാളെ രാവിലെ 11ന് ആകാശവാണി, ദൂരദർശൻ ശൃംഖലകളിൽ പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്.

✪✪✪

മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം വഴി KSRTC ബസുകൾ ഉൾപ്പെടെ വാഹനങ്ങൾ നിയന്ത്രണ വിധേയമായി കടത്തിവിടാൻ തീരുമാനിച്ചു. ഇരു ഭാഗത്തുനിന്നും വാഹനങ്ങൾ പോലീസ് സഹായത്തോടെ കൃത്യമായ ഇടവേളകളിൽ കടത്തിവിടും. മൾട്ടിആക്സിൽ വാഹനങ്ങൾക്ക് നിരോധനം തുടരും. കോഴിക്കോട് കളക്ട്രേറ്റിൽ ചേർന്ന ഓൺലൈൻ യോഗത്തിലാണ് തീരുമാനം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

.......വോയ്സ്.....

മഴ ശക്തമായാൽ ചുരത്തിൽ വീണ്ടും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുമെന്ന് കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. റോഡിനു മുകളിലെ പാറയുടെ അവസ്ഥ പരിശോധിക്കാൻ കോഴിക്കോട് NITയുടെ സഹായത്തോടെ GPR സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് കളക്ടർ നിർദേശം നൽകി. ഡ്രോൺ പരിശോധനയും നടത്തും.

ചുരം വ്യൂപോയിന്റിൽ വിനോദസഞ്ചാരികൾക്ക് വിലക്കേർപ്പെടുത്തി. അവിടെ വാഹനം നിർത്തി സമയം ചിലവഴിക്കുന്നത് കർശനമായി നിരോധിക്കും. അഗ്നിരക്ഷാസേനയുടെ ഒരു യൂണിറ്റിനെ ചുരത്തിൽ വിന്യസിക്കുകയും ചെയ്യും.

✪✪✪

മൃഗസംരക്ഷണ വകുപ്പിന്റെ 'E-സമൃദ്ധ' സമഗ്ര ഓൺലൈൻ പ്ലാറ്റ്ഫോം അടൂരിൽ മന്ത്രി J ചിഞ്ചുറാണി രാവിലെ ഉദ്ഘാടനം ചെയ്യും. പത്തനംതിട്ടയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി സംസ്ഥാന വ്യാപകമാക്കുന്ന ചടങ്ങും മന്ത്രി ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ 130 മൃഗാശുപത്രികളിൽ E-സമൃദ്ധ പദ്ധതി ഇതോടെ പ്രവർത്തനസജ്ജമാകും. പദ്ധതിയിൽ കർഷകർക്ക് മൃഗ ചികിത്സ മുൻകൂട്ടി ബുക്ക് ചെയ്യാനും, പരിപാലന സേവനങ്ങൾ നേടാനും കഴിയും.

✪✪✪

എയർ കമ്മഡോർ തൃശൂർ ദേശമംഗലം മാങ്ങാട്ടിൽ കാരക്കാട് ചന്ദ്രശേഖരൻ ബംഗലൂരുവിൽ അന്തരിച്ചു. അദ്ദേഹത്തിന് 92 വയസ്സായിരുന്നു. വിശിഷ്ടസേവാ മെഡൽ അടക്കം ഒട്ടേറെ ബഹുമതികൾ നേടിയ അദ്ദേഹം വ്യോമസേനയിൽ 11,000 മണിക്കൂറിലേറെ വിമാനം പറപ്പിച്ച വൈമാനികനാണ്. BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറിന്റെ പിതാവാണ് എയർ കമ്മഡോർ MK ചന്ദ്രശേഖർ. സംസ്കാരം പിന്നീട് നടത്തും.

✪✪✪

കണ്ണൂർ കണ്ണപുരത്തിനടുത്ത് കീഴറയിൽ പുലർച്ചെ രണ്ട് മണിയോടെ വാടകവീട്ടിൽ ഉണ്ടായ സ്ഫോടനത്തിൽ ഒരാൾ മരിച്ചു. വീട് പൂർണ്ണമായും തകർന്നു. സമീപത്തെ വീടിനും കേടു പറ്റിയിട്ടുണ്ട്. മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ല.

അനധികൃത പടക്ക നിർമ്മാണത്തിനിടെ സ്ഫോടനം ഉണ്ടായെന്നാണ് കരുതുന്നതെന്ന് പോലീസ് പറഞ്ഞു.

✪✪✪

ഓളപ്പരപ്പിലെ ജലരാജാവിനെ നിശ്ചയിക്കുന്ന ആലപ്പുഴ നെഹ്റു ട്രോഫി ജലോത്സവം ഇന്ന്. ഉച്ചയ്ക്ക് രണ്ടിന് മന്ത്രി PA മുഹമ്മദ് റിയാസ് പുന്നമടക്കായലിൽ ജലോത്സവം ഉദ്ഘാടനം ചെയ്യും.

ആകാശവാണി പ്രതിനിധി രവികുമാർ...

..........വോയ്സ്......

✪✪✪

പാരീസ് ലോക ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം സെമിഫൈനലിൽ പ്രവേശിച്ചു. ലോക രണ്ടാം സ്ഥാനക്കാരായ മലേഷ്യൻ ജോഡിയെയാണ് ഇന്ത്യൻ സഖ്യം പരാജയപ്പെടുത്തിയത്. ഇന്ന് സെമിഫൈനലിൽ സാത്വിക്-ചിരാഗ് സഖ്യം, ചൈനീസ് ജോഡിയെ നേരിടും.

✪✪✪

കാലിക്കറ്റ് സർവകലാശാലയിൽ അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ആലോചനായോഗം ഇന്ന് ചേരും. സർവകലാശാലയിലെ യോഗത്തിൽ മന്ത്രി V. അബ്ദുറഹ്മാൻ, വൈസ് ചാൻസലർ ഡോ. P രവീന്ദ്രൻ, സിൻഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. സ്റ്റേഡിയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് കിഫ്ബിയിൽ നിന്നും 125 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനെതിരേ സേവ് യൂണിവേഴ്സിറ്റി കാംപെയ്ൻ കമ്മിറ്റി രംഗത്തു വന്നിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് മഴ തുടരുന്നു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

കർണാടക തീരത്ത് 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

തെരുവുനായ്ക്കളെ ഓടിക്കാൻ മലപ്പുറം അരീക്കോട് വടശ്ശേരി ഗവ.ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥികൾ വികസിപ്പിച്ചെടുത്ത 'മാജിക് വടി'ക്ക് ദേശീയ അംഗീകാരം ലഭിച്ചു. സ്കൂളിലെ 10-ാം ക്ലാസ് വിദ്യാർഥികൾ വികസിപ്പിച്ച ഉപകരണം ഡൽഹിയിലെ ഇന്നവേഷൻ മാരത്തണിൽ സമ്മാനം നേടി. ആശയം വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് 50,000 രൂപ സഹായവും അനുവദിച്ചു.

✪✪✪

അർഹമായ പ്രാധാന്യവും അംഗീകാരവും നൽകി പൂരക്കളിയെ പ്രോത്സാഹിപ്പിച്ച് സംരക്ഷിക്കാൻ ഗവൺമെന്റ് പ്രതിജ്ഞ ബദ്ധമാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കാസർകോട് നീലേശ്വരത്ത് പൂരക്കളി അക്കാദമി സംഘടിപ്പിച്ച അവാർഡ്ദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പത്തനംതിട്ട ജില്ലയിലെ ഓണഘോഷ പരിപാടികൾ വൈകിട്ട് മന്ത്രി വീണാ ജോർജ് ടൗൺ സ്ക്വയറിൽ ഉദ്ഘാടനം ചെയ്യും. ഇതിനു മുന്നോടിയായി ഓണാഘോഷ വിളംബര യാത്രയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഇന്ത്യൻ ഓയിൽ കോർപറേഷന്റെ ഫറോക്ക് ഡിപ്പോയിൽ ഇന്നലെ ഇന്ധന ടാങ്കിലുണ്ടായ തീ പിടുത്തത്തിൽ മൂന്ന് ജീവനക്കാർക്ക് പരുക്കേറ്റു. ഇതിൽ രണ്ട് പേരെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടെയും പരുക്ക് ഗുരുതരമെല്ലെന്ന് അധികൃതർ അറിയിച്ചു.

✪✪✪

അയ്യപ്പസംഗമത്തിൽ പേരിൽ ദേവസ്വംബോർഡിനെ മറയാക്കി പമ്പയിൽ INDI മുന്നണിയുടെ സമ്മേളനം നടത്താനാണ് ഗവൺമെന്റും CPIM ഉം ശ്രമിക്കുന്നതെന്ന് BJP പാലക്കാട് മേഖലാ ജനറൽ സെക്രട്ടറി KK സുരേന്ദ്രൻ കുറ്റപ്പെടുത്തി.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സബിത ആനന്ദ്*
*DEO : സി കെ സുബോധ്*